ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറകട്റുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം–1

No. **ICT Cell/1771/1 /HSE**/2018 **11/07/2018**

# <u>സർക്കുലർ</u>

**വിഷയം : പ്ലസ്‌വൺ ഏകജാലക പ്രവേശനം : രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് ഡാറ്റാ എൻട്രി / വെരിഫിക്കേഷൻ –പ്രിൻസിപ്പൾമാർക്കുള്ള നിർദ്ദേശങ്ങൾ**

അപേക്ഷ നൽകിയിട്ടും ഇതുവരേയും അലോട്ട്മെൻറുകളിലൊന്നിലും ഇടം നേടാൻ കഴിയാത്തവർ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കണം. അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകളും മാറ്റി നൽകണം. **രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.** സപ്ലിമെൻററി അലോട്ട്മെൻറിന് വേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റനുസരിച്ച് ഈ അപേഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കും. എന്നാൽ അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെൻറിന് വേണ്ടി പരിഗണിക്കില്ല.

നേരത്തെ അപേക്ഷ നൽകാതിരുന്നവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനു വേണ്ടി അപേക്ഷ നൽകാം. **എന്നാൽ നിലവിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾ ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ പാടില്ല. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി താഴെ പ്രതിപാദിക്കുന്ന വിഭാഗത്തിലൂള്ള അപേക്ഷകർക്ക് ജൂലൈ 16 ന് വൈകിട്ട് 5 മണിവരെ പുതുക്കൽ / പുതിയ അപേക്ഷാഫാറം ചുവടെ നിർദ്ദേശിക്കും പ്രകാരം സമർപ്പിക്കാവുന്നതാണ്.**

1) അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർ സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി “RENEWAL FORM” നേരത്തേ അപേക്ഷ സമർപ്പിച്ച സ്കൂളിൽ സമർപ്പിക്കണം.

2) ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർ വെബ്സൈറ്റിലെ APPLY ONLINE-SWS എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് ആയതിൻെറ പ്രിൻെറാട്ട് അനുബന്ധ രേഖകൾ സഹിതം അടുത്തുള്ള ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം.

3) അപേക്ഷ പരിപൂർണമായി ഓൺലൈനായി സമർപ്പിച്ചശേഷം പ്രിൻറൗട്ട് സ്കൂളിൽ വെരിഫിക്കേഷന് സമർപ്പിക്കാത്തവർ പ്രസ്തുത പ്രിൻറൗട്ടിൽ പുതിയ ഓപ്ഷനുകൾ എഴുതി ചേർത്ത് അനുബന്ധരേഖകളുമായി ഏറ്റവും അടുത്ത സർക്കാർ/എയിഡഡ് ഹയർ സെക്കൻററി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം.

**ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ ഡാറ്റാ എൻട്രി , വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ ജൂലൈ 17 ന് രാവിലെ 11 മണിക്കു മുമ്പായി പൂർത്തീകരിച്ച് അഡ്മിൻ യൂസറിൽ ലഭ്യമാക്കുന്ന സപ്ലിമെൻററി ഡാറ്റാഅപ്‌ലോഡ് കൺഫർമേഷൻ നടത്തുന്നതിനുള്ള ക്രമീകരണം അതത് പ്രിസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.**

മേൽ വിവരിച്ച ഒന്നാം വിഭാഗത്തിലെ അപേക്ഷാർത്ഥികൾ നൽകുന്ന **പുതുക്കൽ അപേക്ഷ , ഡാറ്റാ എൻട്രി യൂസറിലുള്ള** Candidate Renewal എന്ന ലിങ്കിലൂടെ എൻറർ ചെയ്യേണ്ടതാണ്. **അപേക്ഷയിലെ പൊതുവിവരങ്ങൾ , ഗ്രേഡ് എന്നിവയിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ ഈ അവസരത്തിൽ വരുത്താവുന്നതാണ്.** പുതിയ ഓപ്ഷനുകൾ ചേർത്താൽ മാത്രമേ സപ്ലിമെൻററി അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു. **ഇത്തരം അപേക്ഷകൾ വെരിഫിക്കേഷൻ യൂസറിലൂടെ വെരിഫിക്കേഷൻ നടത്തുകയും വേണം.**

**രണ്ടാം വിഭാഗത്തിലെ** അപേക്ഷകൾ വെരിഫിക്കേഷൻ യൂസറിലൂടെ വെരിഫിക്കേഷൻ പൂർത്തീകരികരിക്കണം.

**മൂന്നാം വിഭാഗത്തിലെ** അപേക്ഷകൾ വെരിഫിക്കേഷൻ യൂസർ പുതിയ ഓപ്ഷനുകൾ ഉൾക്കൊള്ളിച്ചശേഷം വെരിഫിക്കേഷൻ പൂർത്തിയാക്കണം.

ലഭിച്ച എല്ലാ അപേക്ഷകളുടേയും ഡാറ്റാ എൻട്രിയും വെരിഫിക്കേഷനും പൂർത്തിയാക്കിയതിനുശേഷം അഡ്മിൻ യൂസറിൽ ജൂലൈ 16 ന് വൈകിട്ട് 5 മണിക്കുശേഷം ലഭ്യമാക്കുന്ന Supplementary Data Upload Confirmation എന്ന ലിങ്കിലൂടെ കൺഫർമേഷനും പൂർത്തിയാക്കണം. **നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൺഫർമേഷൻ പൂർത്തീകരിക്കുന്ന സ്കൂളുകളിൽ നിന്നും അപ്‌ലോഡ് ചെയ്യപ്പെട്ട അപേക്ഷകൾ മാത്രമേ സപ്ലിമെൻററി അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു** എന്ന വിവരം എല്ലാ പ്രിൻസിപ്പൽമാരേയും അറിയിച്ചുകൊള്ളുന്നു.

**ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക അവധി ഉണ്ടാവുകയാണെങ്കിൽപ്പോലും പ്രവേശന നടപടികൾ തടസപ്പെടാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ അതത് പ്രിൻസിപ്പൾമാർ സ്വീകരിക്കേണ്ടതാണ്.**

**ഡയറക്ടർ**